Weekly Devotion -August 2018

# Circumcision of the heart (ഹൃദയപരിച്ഛേദന)




ദൈവത്തിനു വേണ്ടി വിവിധങ്ങളും വ്യത്യാസ്തങ്ങളുമായ സംരഭങ്ങൾ ആരംഭിക്കുവാനും, ദൈവത്തിനുവേണ്ടി പ്രവർത്തിക്കുവാനുമുള്ള ദൈവത്തിന്റെ വിളി ഏറ്റെടുക്കുവാൻ ചിലർ ഭയപ്പെടുന്നു. പ്രത്യാഘാതങ്ങളെയാണ് അവൻ ഭയക്കുന്നത്. ചിലർ വിളി സ്വീകരിക്കുവാൻ കാലതാമസം വരുത്തുന്നു. ഒരു വിശുദ്ധ ജനത്തെ വാർത്തെടുക്കുവാനുള്ള പ്രക്രീയ ആരംഭിച്ച ദൈവം, വേർതിരിക്കപ്പെട്ടതിന്റെ അടയാളമായി പരിച്ഛേദന ഏല്ക്കണമെന്ന് അബ്രഹാം എന്ന് താൻ പേരു നൽകിയ അബ്രാമിനോട് ആവശ്യപ്പെടുന്നു. (ഉല്പ :17:10-13) എന്നാൽ ശരീരത്തിലെ അടയാളം ഹൃദയംകൊണ്ട് സമീപസ്ഥരാകുവാൻ സഹായിക്കുന്നില്ല എന്ന് യഹോവ മനസ്സിലാക്കി. Read യെശ: (29:13)

യഹോവയിൽ നിന്നകലുന്നവർ എപ്രകാരമുള്ളവരെന്ന് യെഹ (44:6,7), യിരെ (4:4), യിരെ:(7:24) എന്നീ ഭാഗങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കും.

1, ഇവർ മത്സരികളാണ്. (2) യഹോവയിൽ നിന്നകന്നവർ മ്ലേച്ഛത പ്രവർത്തിക്കുന്നു. (3) ആലയത്തെ അശുദ്ധമാക്കുന്നു. (4) ദുഷ്ടപ്രവർത്തികൾ ചെയ്ത് യഹോവയെ കോപിപ്പിക്കുന്നു. (5) അനുസരിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതെ ദുഷ്ടഹൃദയത്തോടെ പുറകോട്ട് നടക്കുന്നു.

മനംതിരിഞ്ഞ് മടങ്ങിവരുവാൻ യഹോവ ആവശ്യപ്പെട്ടിട്ടും യിസ്രായേൽ ജനം പഴയവഴി ഉപേക്ഷിക്കാതെ യഹോവയുടെ കോപം ജ്വലിപ്പിക്കുന്നു. ആർക്കും കെടുത്തിക്കൂടാതെവണ്ണം കത്താതിരിക്കേണ്ടതിന് നിങ്ങളെ തന്നെ യഹോവയ്ക്കായി പരിച്ഛേദന ചെയ്ത് നിങ്ങളുടെ ഹൃദയത്തിന്റെ അഗ്ര ചർമ്മം നീക്കികളയുക എന്ന് കാണാം Read യിരെ (4:4) ആ: (10:16)

മഴക്കാലത്ത് ചെറുവള്ളത്തിൽ മത്സ്യം പിടിക്കുന്ന ക്രൈസ്തവരായ ‘2’ സഹോദരന്മാർ ഉണ്ടായിരുന്നു. വിശുദ്ധദിവസം അനുജൻ സഭയിൽ വരാതെ മത്സ്യ ബന്ധനത്തിനു പോയപ്പോൾ, സഹോദരൻ സഭാഹാളിലും വന്നു. അനുജൻ പിടിക്കുന്ന മത്സ്യത്തിന്റെ അളവ് ചിന്തിച്ച് അസൂയപ്പെട്ടതല്ലാതെ ആരാധനയിൽ ശ്രദ്ധിച്ചില്ല. ആലയത്തിലെ ദൈവസാന്നിദ്ധ്യം നഷ്ടമാക്കിയതും, തെറ്റാണെന്ന് അറിഞ്ഞ് തെറ്റ് ചെയ്തും യഹോവയിൽ നിന്നകന്നവരുടെ ലക്ഷണമാണ്. ഇവിടെയാണ് ഹൃദയത്തിന് ആത്മീയ പരിച്ഛേദന ആവശ്യം (റോമ:2:29)

യഹൂദന്മാരുടെ പാപങ്ങൾ ജാതികൾക്ക് ദൈവത്തിന്റെ നാമം ദുഷിക്കുവാൻ അവസരം കൊടുത്തു. അതുപോലെ ഇന്ന് കുത്തഴിഞ്ഞ സഭകളുടെയും, നാമധേയ ക്രിസ്ത്യാനികളുടെയും മ്ലേച്ഛതകളും ദുഷ്പ്രവർത്തികളും മൂലം അവിശ്വാസികൾ ക്രിസ്തുവിന്റെ നാമത്തെ ദുഷിക്കുന്നു. ആരെങ്കിലും ഈ പാപപ്രവർത്തികൾ വിട്ട് വിശുദ്ധ ജീവിതം നയിക്കുവാനാഗ്രഹിച്ചാൽ അവരുടെ ഹൃദയത്തിൽ ദൈവം ചെയ്യുന്ന പ്രവർത്തിയാണ് പരിച്ഛേദന. ബാഹ്യമതാചാരാനുഷ്ടാനങ്ങൾ ആരിൽ നിന്നും യഹോവ ആഗ്രഹിക്കുന്നില്ല.

**<u>പരിച്ഛേദന ഏറ്റ ഹൃദയത്തിന്റെ പ്രത്യേകതകൾ</u>**

1) ഇവർ പൂർണ്ണ ഹൃദയത്തോടെ യഹോവയെ സ്തുതിക്കും (സങ്കീ: 9:1)

2) അവർ രാപ്പകൽ ഹൃദയത്തിൽ വചനം ധ്വനിക്കുന്നു. (സങ്കീ (1:2), (119 :11,15)

3) ഹൃദയപരിച്ഛേദ ഏറ്റവർ യഹോവയെ അന്വേഷിക്കുന്നു.(ആവ:4:19സങ്കീ (119:10)

4) പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ വിശ്വസിക്കുന്നു (അപ്പോ:പ്ര:(4:4), റോമ (10:10)

5) ഹൃദയത്തിലേക്കൊഴുകി എത്തുന്ന ദൈവസ്നേഹം അനുഭവിക്കുന്നു. (റോമ: 5:5)

6) യഹോവയ്ക്ക് പാടി കീർത്തനം ചെയ്യുന്നു. (എഫേ 5:19)

പ്രിയരേ ! ഹൃദയം ദോഷത്തിന്റെ ഉത്ഭവസ്ഥാനമാണ്. (മത്താ :15:18) അതിനാൽ പരിച്ഛേദന ആവശ്യമാണ് ഹൃദയത്തെ ശുദ്ധീകരിച്ച് അനുതപിച്ച നിനെവേക്കാർ പട്ടണത്തിലെ നന്മകൾ കണ്ട് അഹങ്കരിച്ച് യഹോവയുടെ കോപത്തിന് പാത്രീഭൂതരായി. പരിച്ഛേദന ഏറ്റ ഹൃദയത്തിനും അഹന്ത വന്നാൽ യഹോവയുടെ കോപം നശിപ്പിക്കും എന്നതിന് തെളിവാണ് നിനെവേക്കാർ. അതിനാൽ ഹൃദയത്തെ ജാഗ്രതയോടെ കാത്ത് ആത്മീയ പരിച്ഛേദന ഏല്പിക്കുകയും നിലനിർത്തുകയും ചെയ്യുവാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
Facebook: https://www.facebook.com/biblestudyind